ശ്രീ. എൽ. എം. പൈലി: അതെ.

ശ്രീ. അലക്സാണ്ടർ വാകയിൽ: മദ്രാസിലും മറ്റും കൊച്ചി വിഭാഗത്തു നടപ്പുണ്ടായിരുന്ന സമ്പ്രദായമാണ് ഇപ്പോഴും നടപ്പിലിരിക്കുന്നതെന്ന് അറിയാമോ?

ശ്രീ. എൽ. എം. പൈലി: അറിയാം.

ശ്രീ. അലക്സാണ്ടർ വാകയിൽ: അതുകൊണ്ട് വീണ്ടും കൊച്ചിയിലെ സമ്പ്രദായംതന്നെ നടപ്പിൽവരുത്തുവാൻ ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതേപ്പറ്റിയും ആലോചിക്കുന്നുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: കൊച്ചിയിൽ മുമ്പു പാട്ട് സിസ്റ്റം അനുവദിച്ചിരുന്നു. ഇപ്പോൾ അതു വേണ്ടെന്നുവയ്ക്കാൻ കാരണം എന്താണ്?

ശ്രീ. എൽ. എം. പൈലി: അതും ഏകീകരണത്തിന്റെ ഒരു പടിയായി നിറുത്തിയതാണ്.

ശ്രീ. എ. താണുപിള്ള: തിരുവിതാംകൂർ സംസ്ഥാനത്തും കൊച്ചി സംസ്ഥാനത്തുമുള്ള മോഡറേഷൻ സമ്പ്രദായം ഒന്നുതന്നെയാണെന്നു ആദ്യം പറഞ്ഞു. പിന്നീടുണ്ടായ ചോദ്യങ്ങൾക്കുത്തരമായി അതിനു വ്യത്യാസം ഉണ്ടെന്നും പറയുന്നു. ഇതിൽ ഏതാണ് ശരി?

ശ്രീ. എൽ. എം. പൈലി: ജനറലായി നോക്കുമ്പോൾ ഇവയ്ക്കുതമ്മിൽ വ്യത്യാസമില്ലെങ്കിലും അതിന്റെ മൈനർ ഡീറ്റെയിൽസിൽ ചില വ്യത്യാസങ്ങളെല്ലാം ഉണ്ട്.

ശ്രീ. എ. താണുപിള്ള: ഏറ്റവും കുറഞ്ഞ മാർക്ക് നിശ്ചയിക്കുന്നതിലും മറ്റും ചില വ്യത്യാസങ്ങൾ ഉണ്ടെന്നല്ലാതെ മോഡറേഷൻ സമ്പ്രദായത്തിൽ വല്ല വ്യത്യാസങ്ങളുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: പ്രിൻസിപ്പിളിൽ വ്യത്യാസമൊന്നുമില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഈ രണ്ടു സംസ്ഥാനത്തും ഇത്തവണത്തെ പരീക്ഷയിൽ ജയിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ശതമാനത്തിൽ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസുവേണം.

ശ്രീ. എ. കെ. പാച്ചുപിള്ള: മോഡറേഷൻ സമ്പ്രദായത്തിൽ രണ്ടു വിഭാഗത്തിലും വ്യത്യസ്തമായ ചില രീതികൾ ഉണ്ടെന്നു പറഞ്ഞു. അതിനുള്ള കാരണം എന്താണ്?

ശ്രീ. എൽ. എം. പൈലി: ചില തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി രണ്ടു സംസ്ഥാനങ്ങളിലും ഓരോ സമ്പ്രദായം ഏർപ്പെടുത്തി, വളരെ നാളായി അംഗീകരിച്ചുപോരുന്നതാണ് അതു്. ചില പ്രത്യേക സാഹചര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകരുതെന്ന കരുതി ആ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതാണ്. അതിനാൽ ഈ വ്യത്യാസങ്ങൾ നിലനിന്നുപോന്നു.

ചേർത്തല—ആലപ്പുഴ തോട്

* ക്വസ്. (ക്വ) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തല—ആലപ്പുഴ തോട് താഴ്ത്തുന്നതിനു് അയച്ചിട്ടുള്ള ഡ്രഡ്ജർ ആലപ്പുഴനിന്നും വടക്കോട്ട് എത്ര മൈൽ തോട് താഴ്ത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): ആലപ്പുഴ നിന്നും 8 മൈൽ തോട്ട താഴ്ത്തിയിട്ടുണ്ട്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇനിയും എത്ര മൈൽ താഴ്ത്താനുണ്ട്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇനിയും 11 മൈൽകൂടി താഴ്ത്താനുണ്ട്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇപ്പോൾ ആ ഡ്രഡ്ജർ കേടുവന്നു കിടക്കുന്നതുമൂലം ജോലി നടക്കുന്നില്ലായെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഡ്രഡ്ജറിന്റെ കേടുതീർത്തു ജോലി ഉടൻ ആരംഭിക്കുന്നതിനു ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ ഗവൺമെൻറ വകയായി ആകെ എത്ര ഡ്രഡ്ജർ ഉണ്ട്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ആ ചോദ്യം ഇതിൽനിന്നും ഉദിക്കുന്നില്ല

നൂൽവിതരണം

*൨൦൦. (൧൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൺട്രോൾ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൈത്തറി നെയ്ത്തുകാരുടെ ആവശ്യത്തിനായി ആകെ എത്ര ബെയിൽ നൂൽ വീതം വിതരണം ചെയ്തുവരുന്നുണ്ട്;

(ബി) സംസ്ഥാനത്തിനു പുറത്തുനിന്നും എത്ര ബെയിൽ നൂൽ വീതം പ്രതിമാസം വരുത്തുന്നുണ്ട്;

(സി) ഈ സംസ്ഥാനത്തു എതെല്ലാം മില്ലുകളിലാണ് നൂൽ ഉണ്ടാക്കുന്നതു?

ധനകാര്യവും ക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ശരാശരി മാസം ൧,൦൦൦ ബെയിൽ വീതം വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) ഏകദേശം ൨൦൦ ബെയിൽ നൂൽ സംസ്ഥാനത്തിനു പുറത്തുനിന്നും വരുത്തുന്നുണ്ട്.

(സി) സംസ്ഥാനത്തു നൂൽ ഉണ്ടാക്കുന്ന മില്ലുകൾ:—

൧. അളകപ്പാ ടെക്സ്റ്റയിൽസ്, അളഗപ്പാനഗർ.
൨. കൊച്ചിൻ മഹാലക്ഷ്മി കോട്ടൺ മിൽ, കൊച്ചി.
൩. വനജാ ടെക്സ്റ്റയിൽസ്, തൃശ്ശൂർ.
൪. അശോകാ ടെക്സ്റ്റയിൽസ്, ആലുവാ.
൫. വിജയമോഹിനി മിൽസ്, തിരുവനന്തപുരം.
൬. എ. ഡി. കോട്ടൻ മിൽസ്, കൊല്ലം.
൭. ബാലരാമവർമ്മ ടെക്സ്റ്റയിൽസ്, ചെങ്കോട്ട.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ മില്ലുകളിൽ ആകെ ഉല്പാദിപ്പിക്കുന്ന നൂൽ എത്രയാണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിന്റെ വിശദവിവരങ്ങൾ അറിയണമെങ്കിൽ നോട്ടീസു വേണം.

ശ്രീ. പി. കെ. കുമാരൻ ആചാരി. ഈ നൂൽ മുഴുവൻ ഇവിടെ വിതരണം ചെയ്യുകയാണോ?

ശ്രീ. കെ. എം. കോര: അതേ.

LIBRARY ARCHIVES Kerala Legislative Assembly